# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5797</u> — <u>05.07.2013-ൽ മറുപടിയ്ക്ക്</u>

## <u>സ്പീഡ് കേരള പദ്ധതി</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| **ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**,, ഷാഫി പറമ്പിൽ**<br>**,, എ.പി.അബ്ദുള്ളക്കുട്ടി**<br>**,, പി.എ.മാധവൻ** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് സ്പീഡ് കേരള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | (ബി) സംസ്ഥാനത്ത് വർദ്ധിച്ചവരുന്ന രൂക്ഷമായ ഗതാഗത തിരക്കിന് ഒരു പരിധിവരെ പരിഹാരമുണ്ടാക്കുന്നതിനു വേണ്ടി സുസ്ഥിരവും ആസൂത്രിതവുമായ അടിസ്ഥാന സൗകര്യ വികസനം നടപ്പിലാക്കുകയാണ് പദ്ധതി കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. |
| (സി) സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ മേഖലയുടെ സുസ്ഥിരവും ആസൂത്രിതവുമായ വികസനത്തിന് എന്തെല്ലാം ഘടകങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; | (സി) തെരഞ്ഞെടുക്കപ്പെട്ട നഗരങ്ങളിൽ ഫ്ലൈ ഓവറുകൾ, ബൈപ്പാസുകൾ, റിംഗ് റോഡുകൾ മുതലായവ നിർമ്മിക്കുക, റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുക, നിലവിലുള്ള പാതകൾ 4 വരിയായി വികസിപ്പിക്കുക എന്നിവയാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. |
| (ഡി) ഇതിനായി സ്വീകരിച്ച നടപടിയുടെ വിശദാംശം ലഭ്യമാക്കുമോ ? | (ഡി) പദ്ധതി നടപ്പിലാക്കുന്നതിന് തത്വത്തിലുള്ള അനുമതി നൽകിക്കഴിഞ്ഞു. പദ്ധതികളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് നാറ്റ്പാക്, കിറ്റ്കോ, മറ്റ് അംഗീകൃത കൺസൾട്ടന്റുമാർ എന്നിവരെ നിയോഗിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡ്സ് വിഭാഗം, ദേശീയപാത വിഭാഗം, കെ.എസ്. |

റ്റി.പി, കെ.ആർ.എഫ്.ബി, ആർ.ബി.ഡി.സി.കെ എന്നീ ഏജൻസികളായിരിക്കും പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുക. ഇതിനുള്ള പ്രാഥമിക ചർച്ചകൾ നടന്നുകഴിഞ്ഞു. പ്രസ്തുത പ്രവൃത്തികൾ ടോൾ പിരിവില്ലാതെയാണ് നടപ്പാക്കുക, കേരള റോഡ് ഫണ്ട് ബോർഡിന്റെ കൈവശം നീക്കിയിരുപ്പുള്ള ഫണ്ട് ഉപയോഗിച്ചും സർക്കാർ ഗ്യാരൻറിയിന്മേൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ദീർഘകാല വായ്പ യെടുത്തും പദ്ധതിക്കാവശ്യമായ ഫണ്ട് കണ്ടെത്തു ന്നതാണ്. വാഹന നികുതി രംഗത്ത് അഡീഷണൽ റിസോഴ്സ് മൊബിലൈസേഷൻ (എ.ആർ.എം) പ്രൊപ്പോസൽ പ്രകാരമുള്ള തുകയിൽ നിന്നും കേരള റോഡ് ഫണ്ട് ബോർഡിന് വേണ്ടി വരുന്ന തുക അനുവദിക്കാനും ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ